# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2704 — 12.02.2019-ലെ മറുപടി

## കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം 3 പാക്കേജുകളിലായി പുരോഗമിച്ചുവരുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവിടത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് 2017-18 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്; | (ബി) & (സി) | കുട്ടനാടിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി "കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാംഘട്ടം" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 2017-18 ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് കിഫ്ബി യിൽ ഉൾപ്പെടുത്തി 289 കോടിരൂപയുടെ പുതിയ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കിഫ്ബിയിൽ നിന്നും ഇതിലേക്കായി എന്ത് തുക ഇതിനകം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പദ്ധതി ഘടകം | ലക്ഷ്യം | പുരോഗതി | റിമാർക്സ് |
|---|---|---|---|---|
| 1 | ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ ലൈൻ-സിസ്റ്റം-1 (വീയപുരം, എടത്വ, തലവടി, മുട്ടാർ, നീലംപേരൂർ ജല സംഭരണികളിൽ ജലം എത്തിക്കുന്ന പൈപ്പ് ലൈനുകൾ | (ആകെ നീളം 27.2 കി.മീ.) | 26.95 കി.മീ. പൂർത്തീകരിച്ചു. | 250 മീ. പൈപ്പ് ലൈനും, വീയപുരം, എടത്വാ ഇന്റർ കണക്ഷൻ വർക്കുകളും 2019 മാർച്ചോടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2 | ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ ലൈൻ-സിസ്റ്റം-2 (രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി ജല സംഭരണികളിൽ ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ | 100% (ആകെ നീളം 17.8 കി.മീ.) | 17.65 കി.മീ. പൂർത്തീകരിച്ചു. | 150 മീ. പൈപ്പ് ലൈനും നീരേറ്റുപുറം ഇന്റർ കണക്ഷൻ ജോലികളും 2019 മാർച്ചോടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 3 | വിതരണ ശൃംഖല-1 തകഴി, എടത്വ, തലവടി, മുട്ടാർ, | 100% (ആകെ നീളം 48.85 കി.മീ.) | 34.00 കി.മീ. പൈപ്പ് ലൈനും, ഉന്നതതല സംഭരണിയുടെ പൈൽ ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചു. | 14.85 കി.മീ. പൈപ്പ് ലൈൻ, 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ ശേഷിക്കുന്ന പണികളും 2019 സെപ്റ്റംബറിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4 | റോഡ് റിസ്റ്റോറേഷൻ | - | - | 582.36 ലക്ഷം രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ആലപ്പുഴക്ക് നൽകിയിട്ടുണ്ട്. |
| | ആകെ ചെലവായ തുക | **5065.56** ലക്ഷം | | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**